**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1956** **07.12.2015-ൽ മറുപടി നല്കേണ്ടത്**

## ഭവന നിർമ്മാണ യൂണിറ്റുകൾ

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.ബി.ഡി.ദേവസ്സി | ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) |
| എ) 2012-13 ലെ ബഡ്ജറ്റിൽ ഭവന നിർമ്മാണ വകുപ്പിന് കീഴിൽ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന മണൽ നിർമ്മാണ യൂണിറ്റ്, ഉച്ചവരുമാനക്കാർക്കുള്ള ഫ്ലാറ്റുകൾ, വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ ഇവയ്ക്കോരോന്നിനുമായി എത്ര തുക വകയിരുത്തി; അനുവദിച്ച തുകയും ട്രഷറിയിൽ അവശേഷിക്കുന്ന തുകയും വ്യക്തമാക്കുമോ : | (എ) 2012-13 ലെ ബഡ്ജറ്റിൽ സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ കീഴിൽ മണൽ നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിന് ഒരു കോടി രൂപ വകയിരുത്തി. എന്നാൽ തുക അനുവദിച്ചിരുന്നില്ല.<br>ഉച്ച വരുമാനക്കാർക്കായുള്ള ഫ്ലാറ്റ് നിർമ്മാണത്തിനായി 2012-13ൽ തുക ഒന്നും വകയിരുത്തിയിരുന്നില്ല. എന്നാൽ 2012-13 ലെ പുതുക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് 1000/- രൂപ വകയിരുത്തിയിരുന്നു. തുക ഒന്നും അനുവദിച്ചിരുന്നില്ല.<br>വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾക്കായി 2012-13-ലെ ബഡ്ജറ്റിൽ 350 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഇതിൽ നിന്നും 224.50 ലക്ഷം രൂപ അനുവദിച്ച് നൽകുകയും ആയത് വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) മണൽ നിർമ്മാണ യൂണിറ്റിന്റേയും വർക്കിംഗ് വിമൻസ് ഹോസ്റ്റലുകളുടെയും നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; | (ബി) മണൽ നിർമ്മാണ യൂണിറ്റിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല.<br>കോഴിക്കോട്, കട്ടപ്പന, മുട്ടം (അഡീഷണൽ ബ്ലോക്ക്) എന്നീ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതികളിൽ മുട്ടം (അഡീഷണൽ ബ്ലോക്ക്) ഡബ്ല്യൂ.ഡബ്ല്യൂ.എച്ച്. പദ്ധതിയുടെ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മറ്റ് വർക്കിംഗ് വിമൻസ് ഹോസ്റ്റലുകളുടെ നിർമ്മാണം പുരോഗതിയിലാണ്. |

| | |
|---|---|
| (സി) ഉച്ഛ വരുമാനക്കാർക്കായുള്ള എത്ര ഫ്ലാറ്റുകൾ പ്രസ്തുത കാലയളവിൽ നിർമ്മിച്ചിട്ടുണ്ട്; ഇതിന് അർഹതയുള്ള ഗുണഭോക്താക്കളെത്ര ; ഇവരിൽ ഫ്ലാറ്റുകൾ ലഭ്യമാകാത്തവർ എത്ര ; വ്യക്തമാക്കുമോ ? | (സി) ഉച്ഛ വരുമാനക്കാർക്കായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള ഭൂമിയിൽ ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടെ ഗുണഭോക്തൃ വിഹിതവും ഉപയോഗിച്ച് ഫ്ലാറ്റുകൾ നിർമ്മിച്ച് നൽകുന്ന പദ്ധതി പഞ്ചായത്തുകളിൽ നിന്നും അനുയോജ്യമായ ഭൂമി ലഭ്യമാകാത്തതിനാൽ നടപ്പിലാക്കാനായിട്ടില്ല. |

സെക്ഷൻ ഓഫീസർ